പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2294 08/07/2015 ൽ മറുപടിക്ക്

## 108 ആംബുലൻസുകളുടെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ. കെ.എൻ.എ.ഖാദർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 108 ആംബുലൻസ് സർവ്വീസുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും എത്രയെണ്ണം പ്രവർത്തനക്ഷമമല്ലെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | (എ) | തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന 25 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളിൽ 21 ആംബുലൻസുകൾ പ്രവർത്തനക്ഷമമാണ്. 4 എണ്ണം വാർഷിക ഫിറ്റ്നസ് ടെസ്റ്റിന് വേണ്ടിയുള്ള ജോലികൾക്കായി വർക്ക്ഷോപ്പിൽ ആണ്. ആലപ്പുഴ ജില്ലയിൽ 11 ആംബുലൻസുകൾ പ്രവർത്തനക്ഷമവും, 6 ആംബുലൻസുകൾ വാർഷിക ഫിറ്റ്നസ് ടെസ്റ്റിന് വേണ്ടിയുള്ള ജോലികൾക്കായി വർക്ക്ഷോപ്പിലും ആണ്. ഒരു ആംബുലൻസ് പ്രവർത്തന സജ്ജമല്ല. |
| (ബി) | ജീവൻരക്ഷാ ഉപകരണങ്ങളും മരുന്നുകളും ഇല്ലാത്തതിനാൽ ഇവയുടെ സേവനം രോഗികൾക്കും അപകടത്തിനിരയാകുന്നവർക്കും ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ആംബുലൻസുകളിലെ എക്സ്പ്ലോസീവ് ലൈസൻസിന്റെ കാലാവധി യഥാസമയം പുതുക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഇതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. ആംബുലൻസുകളുടെ എക്സ്പ്ലോസീവ് ലൈസൻസിന്റെ കാലാവധി പുതുക്കാത്തത് ആംബുലൻസുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ലൈസൻസ് യഥാസമയം പുതുക്കുന്നതിനും പ്രസ്തുത സേവന മേഖല കാര്യക്ഷമമായി നിലനിർത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | എക്സ്പ്ലോസീവ് ലൈസൻസ് യഥാസമയം പുതുക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ